കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

വെള്ളനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 5/1864/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 17.9.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെള്ളനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളനാട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/ 1864/2017 തീയതി: 17.9.2017

## തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 09.08.2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ. ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-08-2017മുതൽ 17-08-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. ഷിബു ടി, ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീ. സുരേഷ് ബാബു ബി, സീ.ഗ്രേഡ് ഓഡിറ്റർ |
| | 3. ശ്രീ. അരുൺ സി എസ്, സീ.ഗ്രേഡ് ഓഡിറ്റർ |
| | 4. ശ്രീമതി. രേഖ സി എസ്, സീ.ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി ശശിധരൻ നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. മോഹനൻ ചെട്ടിയാർ | 01.04.2016 മുതൽ 15.07.2016 വരെ |
| | ശ്രീ. കെ വി സുരേഷ് | 16.07.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സുനു എസ് | 01.04.2016 മുതൽ 28.07.206 വരെ |

| | | |
|---|---|---|
| | ശ്രീമതി ചന്ദ്രലേഖ സി എസ് | 29.07.2015മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീമതി അനീഷ ശശി ബി എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീ. ശ്രീകുമാർ ബി എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി ശാന്തിനി ബി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ജയകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഉമൈല ബീഗം ബി എ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിത്യ പി എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി മിനി വി എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അമ്പിളി എൻ എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ഭദ്ര | 01.04.2016 മുതൽ 22.09.2016 വരെ |
| | ശ്രീമതി ചാന്ദിനി കെ ജി | 23.09.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി ഹേമലത | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി സുജാത. ആർ. | 1.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നില്ല | 2-1 | |

| | | | |
|---|---|---|---|
| 13 | പരസ്യ നികുതി ഈടാക്കാത്തതിൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 | |
| 14 | ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല | 2-3 | |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക - പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 | |
| 16 | രജിസ്ട്രേഷൻ ഇല്ലാതെ പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 | |
| 17 | ഡി & ഒ ലൈസൻസ് നൽകൽ - അപാകതകൾ | 2-6 | |
| 18 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2-7 | |
| | ഭാഗം 3 | | |
| 17 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ - വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല- തടസ്സം 3332403 രൂപ | 3-1 | |
| 18 | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | 3-2 | |
| 19 | ലാപ്ടോപ്പ് വാങ്ങി നൽകൽ – അപാകതകൾ | 3-3 | |
| 20 | മെഡിക്കൽ ക്യാമ്പുകൾ സമയ ബന്ധിതമായി നടത്തുന്നില്ല - ചെലവഴിച്ച ഇകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 3-4 | |
| 21 | പാലിയേറ്റിവ് കെയർ - ആദായ നികുതി നഷ്ടം - ചെലവഴിച്ച ഇകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 3-5 | |
| 22 | ജൈവ പച്ചക്കറി കൃഷി - അപാകതകൾ | 3-6 | |
| 23 | ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കി | 3-7 | |
| 24 | പാലിയേറ്റീവ് കെയർ പഞ്ചായത്ത് വിഹിതം ഒടുക്കൽ – കൈപ്പറ്റ രസീത്ഹാജരാക്കിയില്ല | 3-8 | |
| 25 | പി എം എ വൈ വിഹിതം ഒടുക്കൽ – കൈപ്പറ്റ രസീത് ഹാജരാക്കിയില്ല | 3-9 | |

| | | | |
|---|---|---|---|
| 26 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല | 3-10 | |
| 27 | കാർഷിക സർവ്വേ - മാർഗ്ഗരേഖയിലില്ലാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു - 39200രൂപ തടസ്സപ്പെടുത്തുന്നു | 3-11 | |
| 28 | യാത്ര ബത്ത - ത്രൈമാസ പരിധി അധികരിച്ചു - 6934/- നിരാകരിക്കുന്നു | 3-12 | |
| 29 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 51789/-<br>തുക തടസ്സപ്പെടുത്തുന്നു | 3-13 | |
| 30 | താമസ സൗകര്യത്തിനായി അധിക നിരക്ക് നൽകി - 1815രൂപ നിരാകരിക്കുന്നു | 3-14 | |
| 31 | തീറ്റപ്പുൽ കൃഷിക്കുള്ള വിത്തുകൾ - വിതരണ രേഖകൾ ഹാജരാക്കിയില്ല - 150000 രൂപ തടസ്സപ്പെടുത്തുന്നു | 3-15 | |
| 32 | അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു 2399നിരാകരിക്കുന്നു | 3-16 | |
| 33 | ഭവന പുനരുദ്ധാരണം - വാല്യുവേഷൻ സർട്ടിഫി<br>ക്കറ്റില്ലാതെ തുക നൽകി - 100000/-രൂപ തടസ്സപ്പെടുത്തുന്നു | 3-17 | |
| 34 | ഓട്ടോ റിക്ഷ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 50000/-രൂപ തടസ്സപ്പെടുത്തുന്നു | 3-18 | |
| 35 | യുവാക്കൾക്ക് ഓട്ടോ റിക്ഷ വാങ്ങുന്നതിനുള്ള ധന സഹായം നൽകൽ - രേഖകൾ ഹാജരാക്കിയില്ല -<br>150000രൂപ തടസ്സപ്പെടുത്തുന്നു | 3-19 | |
| 36 | ആശ്രയ പദ്ധതി - കുടുംബശ്രീക്ക് നൽകേണ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്കു<br>നിക്ഷേപിച്ചു - അനധികൃതമായി ചെലവഴിച്ചു - ബാലൻസ് തുക 62004 രൂപ മാത്രം നില നിൽക്കുന്നു -<br>158121രൂപ തടസ്സപ്പെടുത്തുന്നു | 3-20 | |
| 37 | പദ്ധതി രേഖകളും ഫയലുകളും ഹാജരാക്കിയില്ല - 5000/-രൂപ തടസ്സപ്പെടുത്തുന്നു | 3-21 | |
| 38 | പദ്ധതി രേഖകളും ഫയലുകളും ഹാജരാക്കിയില്ല -808600/-രൂപ<br>തടസ്സപ്പെടുത്തുന്നു | 3-22 | |

| | | | |
|---|---|---|---|
| 39 | പൊതുമരാമത്ത് പ്രവർത്തികൾ - ഗുണഭോക്തൃ സമിതി മാർഗരേഖ പാലിച്ചിട്ടില്ല | 3-23 | |
| 40 | ക്ഷേത്രോത്സവത്തോടനുബന്ധിച്ച് പൊതു ഫണ്ടിൽ നിന്നും ചട്ട വിരുദ്ധമായി തുക ചെലവഴിച്ചു - തുക തടസ്സം വെക്കും 200000 രൂപ | 3-24 | |
| 41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2016 -17 അവലോകനം | 3-25 | |
| 42 | അംഗൻവാടികൾ - അവലോകനം | 3-26 | |
| | ഭാഗം 4 | | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 48 | ഓഡിറ്റ് റിക്കവറി | 4-6 | |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 29.03.2017തിയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 23,96,45,932/- രൂപയും പ്രതീക്ഷിത ചെലവ് 238307500/- രൂപയും നീക്കിയിരിപ്പ് 1338432/-രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 71208305/-രൂപയും ചെലവ് 56132208/- രൂപയും നീക്കിയിരിപ്പ് 15076097/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 01.08.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 10.8.2017 | - |

## 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9464707 |
| വരവ് | 61743598 |
| ആകെ | 71208305 |
| ചെലവ് | 56132208 |
| നീക്കിയിരിപ്പ് | 15076097 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | | 11777376 | 11777376 | 11777376 | - | |
| വികസന ഫണ്ട് (എസ്.സി.പി) | | 2231102 | 2231102 | 2231102 | | |
| വികസന ഫണ്ട് (ടി.എസ്.പി) | | 780811 | 780811 | 780811 | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 5344758 | 5344758 | 5344758 | | |
| സംര. ഗ്രാന്റ് (നോൺറോഡ്) | | 4011548 | 4011548 | 4011548 | | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8242031 | 8242031 | 8242031 | | |
| പെർഫോമൻസ്ഗ്രാന്റ് | | 3446994 | 3446994 | 3446994 | | |
| എം.എൻ.ആർ. ഇ. ജി.എസ്. | 10291 | 1536583 | 1546874 | 1533886 | 12988 | |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 1234000 | 1234000 | 1234000 | | |
| തനത് ഫണ്ട് | 764573 | 8122309 | 8886882 | 2519316 | 6367566 | |
| ജനറൽ പർപ്പസ് ഫണ്ട് | 8577506 | 9691608 | 18269114 | 9690185 | 8578929 | |
| മറ്റുള്ളവ | 112337 | 5324478 | 5436815 | 5320201 | 116614 | |
| ആകെ | 9464707 | 61743598 | 71208305 | 56132208 | 15076097 | |

14.3.2017ൽ എസ്.എഫ്.സി. യ്ക്ക് നൽകാൻ റിവൈസ് ചെയ്ത എ.എഫ്.എസ്.ന്റെ നീക്കിയിരിപ്പാണ് 2016-17ലെ മുന്നിരിപ്പായി എടുത്തിട്ടുള്ളത്.

*വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ*

1. ബി ഫണ്ട്

സെക്രട്ടറിയുടെ ബില്ല് ബുക്ക് പ്രകാരം വിധവകളുടെ മക്കൾക്കുള്ള വിവാഹ_ധനസഹായത്തിന് വേണ്ടി 480000/-രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ 310000/-രൂപ മാത്രമാണ് വരവും ചെലവും കാണിച്ചിരിക്കുന്നത്

2. ഇ എൻ എസ് തിരിച്ചടവ്

ലോൺ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 4381200/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 4306200/-രൂപയാണ്. 75000/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ

വിവിധ പദ്ധതികൾ പ്രകാരം കെഎസ്ഇബി ക്ക 3545889/-രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 365000/-രൂപയും മുൻകൂർ നൽകിയിട്ടുണ്ട്. ടി പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. ഡിസിബി ഇനങ്ങൾ

വസ്തു നികുതി, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ അരിയർ ഡിമാൻഡ് (ഡിസിബി പത്രിക പ്രകാരം) 2015-16ലെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്റർ പ്രകാരം തൻ വർഷ ഡിമാൻഡ് 402120/- രൂപയും വരവ് 350768/- രൂപയും ബാലൻസ് 51852/-രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷ ഡിമാൻഡും വരവും 208408/- രൂപയാണ്. വ്യത്യാസം നിലനിൽക്കുന്നു.

5. മറ്റു അപാകതകൾ

- ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ വരവ് ആകെ ചെലവിനേക്കാൾ കുറവായിട്ടാണ് കാണിച്ചിരിക്കുന്നത്. 817603/-രൂപയുടെ വ്യത്യാസം നില നിൽക്കുന്നു.
- 31.03.2017 ൽ 310275/-രൂപ തനതു ഫണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാലിത് ഏതിനത്തിലെ വരവാണെന്നു വ്യക്തമാക്കിയിട്ടില്ല.
- തനതു ഫണ്ടിൽ (കോ ഓപ്പറേറ്റീവ് ബാങ്ക് ) 2044/-രൂപയുടെയും സാക്ഷരതാ (സിൻഡിക്കേറ്റ് ബാങ്ക്) 1056/-രൂപയുടെയും നീക്കിയിരിപ്പ് കാണുന്നു. എന്നാൽ ഈ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
- തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയിൽ 2015 -16 എ എഫ് എസ് പ്രകാരം അരിയർ ഇല്ല. എന്നാൽ തൻ വർഷം ഈയിനത്തിൽ യഥാക്രമം 22700/- രൂപയുടെയും 6800/-രൂപയുടെയും വരവ് കാണിച്ചിരിക്കുന്നു .

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 91939954 | 112 | 39092683 | - | 55 | 43 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 167പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 112 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 2270553 | 2474250 | (+)203697 | |
| കെട്ടിട നികുതി | 1876107 | 3706352 | (+) 1830245 | |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | 3300 | - | 3300 | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 239375 | 207000 | 32375 | |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 266512 | 650007 | 383495 | |
| ഡി & ഒ ലൈസൻസ് | 65054 | 186374 | 121320 | |
| മറ്റുവരവുകൾ | 32563 | 898326 | 865763 | |
| ആകെ | 4753464 | 8122309 | 3368845 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 924000 | 545 |
| കർഷകതൊഴിലാളി പെൻഷൻ | 5255450 | 512 |
| വിധവാപെൻഷൻ | 14116650 | 1352 |
| വാർദ്ധക്യകാലപെൻഷൻ | 23553635 | 2002 |
| വികലാംഗപെൻഷൻ | 3630970 | 337 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 480000 | 16 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1128670 | 103 |

## 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2017 വൈകിട്ട് 3 PM ന്

സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24351/- രൂപയുടെ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴുവൻ മൊബൈൽ ടവ്വറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്ന് ചട്ടപ്രകാരമുള്ള പരസ്യനികുതി ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.01.2017-11.01.2017 | 01.12.2016-1.12.2016 | 11.01.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2015-22.04.2015 | 2010-11 to 2014-15 | 23.06.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നില്ല

നികുതി നികുതിയേതര വരവുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കാത്തതിനാൽ വരവിനങ്ങളിലെ ഡിമാൻഡ്, കളക്ഷൻ, ലൈസൻസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞില്ല. ഓരോ വരവിനങ്ങളുടെയും ഡിസിബി പത്രിക അതത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തൊഴിൽ നികുതി ഈടാക്കുന്നതിനായി വാർഡ് തിരിച്ചുള്ള അസ്സെസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

രജിസ്റ്ററുകൾ കാലികമായി പരിപാലിക്കുന്നത് വരവിനങ്ങളുടെ ഡിമാൻഡ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുവാൻ സഹായകമാണ്. ആയതിനാൽ രജിസ്റ്ററുകൾ കാലികമായി സൂക്ഷിക്കുന്നതോടൊപ്പം വർഷാവസാനത്തിൽ അതത് വരവുകളുടെ ഡി സി ബി സ്റ്റേറ്റ് മെന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോട് കൂടി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 2-2 പരസ്യ നികുതി ഈടാക്കാത്തതിൽ പഞ്ചായത്തിന് വരുമാന നഷ്ടം

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 209 എ വകുപ്പ് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയുടെ രേഖ മൂലമുള്ള അനുവാദം കൂടാതെ യാതൊരു പരസ്യവും ആ ഗ്രാമ പ്രദേശത്തിനുള്ളിലോ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്റെ അല്ലെങ്കിൽ അതിന്റെ മുകളിലോ കത്തനെ നിർത്തുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. 25.07.2002 ലെ നം.128/2002/തസ്വഭവ (എസ്ആർഓ 654/2002) പ്രകാരം അനുവദനീയമായ പരസ്യങ്ങൾക്ക് ഈടാക്കാവുന്ന കുറഞ്ഞ പരസ്യ നികുതിയുടെ നിരക്ക് നിശ്ചയിച്ച ആയതിലേക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ പഞ്ചായത്തും ഒരു ബൈല ഉണ്ടാക്കി സർക്കാരിന്റെ അനുമതി നേടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വെള്ളനാട് ഗ്രാമ പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നതിനായി നിയമാനുസൃത ബൈല തയ്യാറാക്കുകയോ പരസ്യ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 2015-16 സാമ്പത്തികവർഷത്തിൽ ഈ

ഇനത്തിൽ 3300/- രൂപ വരവുണ്ടായിട്ടുണ്ട്. ഇത് മൂലം പഞ്ചായത്തിൽ പരസ്യ നികുതി ഇനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ആയതിനാൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള ബൈല തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ് .

## 2-3 ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234എന്നീ വകുപ്പുകൾ, 1996 ലെ കേരളാ പഞ്ചായത്ത് രാജ് ( ഡി&ഒ ട്രേഡ്&ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിൻറെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിൻറെ അധികാര പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് രജിസ്റ്റർ) തയ്യാറാക്കേണ്ടതും കാലികമായി സൂക്ഷിക്കേണ്ടതുമാണ്

എന്നാൽ വെള്ളനാട് ഗ്രാമ പഞ്ചായത്തിൽ ട്രേഡേഴ്സ് രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും 201 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. എന്നാൽ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം 234അപേക്ഷകൾ ലഭിക്കുകയും ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എൻക്വയറി നം.5നുള്ള മറുപടിയിൽ പഞ്ചായത്ത് ഡി & ഒ ലൈസൻസ് ആവശ്യമായ 290സ്ഥാപനങ്ങൾ ഉണ്ടെന്നും പുതിയ സ്ഥാപനങ്ങൾ നിലവിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ് .

## 2-4 ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം

എ) കടമുറി ഒഴിഞ്ഞ് കിടക്കുന്നു. - 8400/- രൂപയുടെ നഷ്ടം

വെള്ളനാട് ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 9-ാം നമ്പർ കടമുറി വെള്ളനാട് ഗ്രാമപഞ്ചായത്ത് സ്വാശ്രയ കാർഷികോൽപ്പന്ന വിപണന സംഘം 700/- രൂപ നിരക്കിൽ വാടകക്കരാർ ഏർപ്പെട്ട് കടമുറി നൽകിയെങ്കിലും 2016-17 സാമ്പത്തിക വർഷം വാടക ലഭിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ നൽകിയ ആഡിറ്റ് എൻക്വയറി നം. 10 ന് പ്രസ്തുത സ്ഥാപനം 9-ാം നമ്പർ കടമുറിയിൽ പ്രവർത്തിക്കുന്നില്ലെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനം പ്രവർത്തിക്കാത്ത സ്ഥിതിയ്ക്ക് കരാർ റദ്ദാക്കി മറ്റൊരാൾക്ക് കടമുറി വാടകയ്ക്ക് നൽകാമായിരുന്നു. കടമുറി വാടകയ്ക്ക് നൽകിയതിൽ നടപടി സ്വീകരിക്കേണ്ടതാണ്. വാടക ലഭിക്കാത്തത് മൂലം 8400/- രൂപ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിരിക്കുന്നു.

ബി) വിവിധ കടമുറികളുടെ വാടക കുടിശ്ശികയായിട്ടുണ്ട്.

വെള്ളനാട് ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളിൽ നിന്നു 2016-17 സാമ്പത്തിക വർഷം വാടക ലഭിച്ചിട്ടില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നമ്പർ | കരാറുകാരന്റെ പേര്, മേൽവിലാസം | കുടിശ്ശിക കാലയളവ് | തുക |
|---|---|---|---|---|
| 1 | 8 | ഡി. മാന്വൽ, ആറ്റിപ്ര ലക്ഷം വീട്, കുളക്കോട് | 04/2016മുതൽ 03/2017 വരെ | 494x12=5928 |
| 2 | 19 | മോഹനകുമാരൻ നായർ, ചെറുകുന്നത്ത് വീട്, വെളിയന്നൂർ, വെള്ളനാട് | മാർച്ച് 2017 | 1480 |

| | | | | |
|---|---|---|---|---|
| 3 | 9 | മാനേജർ, മാവേലി സ്റ്റോർ | 2017 ജനവരി മുതൽ 2017 മാർച്ച് വരെ | 8000x 3 = 25800 |
| | | | ആകെ | 33208 |

വാടക കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ള 33208/- രൂപ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നടപടിയുടെ പുരോഗതി ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) 21- ാം നമ്പർ കടമുറിയുടെ വാടക വർഷങ്ങളായി ഈടാക്കുന്നില്ല.

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 21-ാം നമ്പർ കടമുറിയുടെ വാടക 2013-17 വർഷം മുതൽ കടിശ്ശികയായിട്ടുണ്ട്. പ്രസ്തുത കടമുറി ശ്രീമതി കെ. യശോധര, സുരേഷ് ഭവൻ, പള്ളിത്തുറ എന്ന വ്യക്തിയാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. 21-ാം നമ്പർ കടമുറിയുടെ വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കാലയളവ് | തുക |
|---|---|---|---|
| 1 | 2013-14 | 2013 ജൂൺ മുതൽ 2014 മാർച്ച് വരെ | 1448 10 = 14480 |
| 2 | 2014-15 | 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ | 1521x1 = 18252/- |
| 3 | 2015-16 | 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ | 1597x12 19164/- |
| 4 | 2016-17 | 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ | 1677x12=20124/- |
| | | | ആകെ 72020/- |

21-ാം നമ്പർ കടമുറിയുടെ 2013-14 സാമ്പത്തിക വർഷത്തെ വാടക അധികമായി കണക്കാക്കിയതായി ചൂണ്ടിക്കാട്ടി വാടകക്കാരി നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.നം. 387/15 നമ്പർ കേസ് നിലനിൽക്കുന്നതിനാലാണ് വാടക ഈടാക്കാത്തതെന്ന് എൻക്വയറി നം. 10 നുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കടമുറിയിൽ വാടകക്കരാർ പുതുക്കാതെയും വാടക നൽകാതെയുമാണ് വാടകക്കാരി വ്യാപാരം നടത്തിവരുന്നത്. ടിയാനിൽ മാസവാടക ഇനത്തിൽ ലഭിക്കേണ്ട തുക കോടതി മുഖേന ലഭിക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്. നെടുമങ്ങാട് മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ പ്രതിപാദിച്ചിട്ടുള്ള വർഷങ്ങളിലെ വാടക കുടിശ്ശിക കേസിന്റെ തീർപ്പിന് വിധേയമായും പരിഗണിക്കേണ്ടതാണ്. അന്തിമ വിധിയുടെ വിശദാംശം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി) വാടകക്കരാർ ഇല്ലാതെ വാടകയ്ക്ക് നൽകിയിരിക്കുന്നു.

കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടക കരാർ ചമയ്ക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി വാടക ഈടാക്കേണ്ടതും പ്രസ്തുത കരാർ പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ വക ഷോപ്പിംഗ് കോംപ്ലക്സിലെ 3,4,8,5,10,18,20,21,23 എന്നീ കടമുറികളുടെ 2016-17 സാമ്പത്തിക വർഷത്തെ വാടകക്കരാർ ലഭ്യമല്ലെന്ന് എൻക്വയറി നം. 10 നുള്ള മറുപടി പ്രകാരം പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

വാടകക്കാരനിൽ നിന്നും ഈടാക്കേണ്ട വാടക സംബന്ധിച്ച് വ്യക്തതയുണ്ടാക്കുവാനും വാടക നൽകുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കപ്പെടുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വാടകക്കരാർ ചമയ്ക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ തുടർന്നുള്ള വർഷങ്ങളിൽ കടമുറികൾ വാടകയ്ക്ക് നൽകുമ്പോഴും, വാടക പുതുക്കുമ്പോഴും നിർബന്ധമായും വാടകക്കരാർ ചമയ്ക്കേണ്ടതാണ്.

## 2-5 രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 270-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു സ്വകാര്യ ആശുപത്രിയോ, പാരാമെഡിക്കൽ സ്ഥാപനങ്ങളോ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ Cosmos Dental clinic, Sanjeevi Clinic എന്നീ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകളൊന്നും ലഭിച്ചില്ല. ഓഡിറ്റ് എൻക്വയറി നം.5നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതോടൊപ്പം അനധികൃതമായി പ്രവർത്തിച്ചതിന് 1997ലെ കേരള പഞ്ചായത്ത് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 അനുശാസിക്കും പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് പിരിക്കുന്നതിലെ അപാകതകൾ

എ) എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല.

പഞ്ചായത്തിൽ 290-ഓളം കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 234 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ. ലൈസൻസ് എടുത്തിട്ടില്ലാത്ത 56 സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടുണ്ടെന്നും ആയവ ലൈസൻസ് എടുക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും എൻക്വയറി ന്. 5 നുള്ള മറുപടിയിൽ വ്യക്തമായിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിച്ച 56 സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 255-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

ബി) പ്ലാസ്റ്റിക്ക് സഞ്ചികളുടെ വിൽപ്പനയ്ക്ക് അധിക ഫീസ് ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219ഡബ്ല്യൂ(ബി), 232 എന്നിവ പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ, കവറുകളോ വിൽക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ പ്രസ്തുത വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമേ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേയ്ക്ക് വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടേയും പ്ലാസ്റ്റിക് കവറുകളുടേയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച് ഒരു നിശ്ചിത തുക അധിക ഫീസായി ഗ്രാമപഞ്ചായത്തിന് അടയ്ക്കേണ്ടതുണ്ട്.

എന്നാൽ 2016-17 വർഷത്തിൽ വ്യാപാരികളിൽ നിന്ന് പ്രസ്തുത അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണം സംബന്ധിച്ച് ബൈലാ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ പ്ലാസ്റ്റിക് സഞ്ചികളുടെ വിൽപ്പന നടത്തുന്നതിനെ കുറിച്ചും പരാമർശമുണ്ടെന്ന് ഓഡിറ്റ് എൻക്വയറി നം. 3 നുള്ള മറുപടി പ്രകാരം പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

അടുത്ത സാമ്പത്തിക വർഷം മുതൽ ഡി & ഒ ലൈസൻസിനൊപ്പം പ്ലാസ്റ്റിക് സഞ്ചികളുടെ വിൽപ്പനയ്ക്കനുസൃതമായി അധിക ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ 9 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മൊബൈൽ ടവറുകളിൽ നിന്നും നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിൽ ഉൾപ്പെടുത്തി മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തത് പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കുറവ് വരുന്നതിന് ഇടയാക്കുന്നുണ്ട്. വസ്തു നികുതി നിശ്ചയിച്ച് പെർമിറ്റ് നൽകിയ വർഷം മുതലുള്ള കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും നികുതി ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തടസ്സം 3332403/-രൂപ

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ ഒന്നും തന്നെ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മാത്രവുമല്ല തുക സ്വീകരിച്ച സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. പദ്ധതികളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./ പദ്ധതിയുടെ പേര് | തുക സ്വീകരിച്ച സ്ഥാപനം | ലഭ്യമാക്കിയ തുക | ബിൽ നം. / ചെക്ക് നം. |
|---|---|---|---|---|
| 1 | 09/17 – പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി. | 53666 | 40/16-17 തീയതി9.3.2017<br>രൂ. 45601/-<br>44/16-17 തീയത 25.2.2017 രൂ. 8065/- |
| 2 | 11/17 – വെളിയന്നൂർ വാർഡിൽ നെടിയവിള മുതൽ വെളിയന്നൂർ വരെ പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ല്യൂ.എ. | 100000 | 35/16-17 തീയതി25.2.2017<br>രൂ. 100000/- |
| 3 | 88/17-കതിരകളം വാർഡിൽ ഇലക്ട്രിക് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 99960/- | 53/16-17 തീയതി 24.3.2017<br>രൂ. 99960/- |
| 4 | 180/17 – വെളിയന്നൂർ വാർഡിൽ തെരുവ് വിളവ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി | 499975/- | 37/16-17 തീയതി 3.3.2017<br>രൂ. 499975/- |
| 5 | 185/17 – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | കെ.എസ്.ഇ.ബി | 358889/- | 31/16-17 തീയതി 23.2.2017<br>രൂ. 49000/-<br>33/16-17 തീയതി 28.2.2017<br>രൂ. 159919/-<br>38/16-17 തീയതി 3.3.2017<br>രൂ. 99990/-<br>43/16-17 തീയതി 14.3.2017<br>രൂ. 49980/- |
| 6 | 192/17<br>18വാർഡുകളിലും സ്ട്രീറ്റ് മെയിൻ നീട്ടൽ | കെ.എസ്.ഇ.ബി | 1672249/- | 26/16-17 തീയതി 21.2.2017<br>രൂ. 99400/-<br>27/16-17 തീയതി 21.2.2017<br>രൂ. 32340/-<br>28/16-17 തീയതി 21.2.2017<br>രൂ. 400000/-<br>29/16-17 തീയതി 21.2.2017<br>രൂ. 567050/-<br>30/16-17 തീയതി 25.2.2017<br>രൂ. 82873/-<br>34/16-17 തീയതി 25.2.2017<br>രൂ. 300000/-<br>39/16-17 തീയതി 2.3.2017<br>രൂ. 100000/-<br>55/16-17 തീയതി24.3.2017 |

| | | | | |
|---|---|---|---|---|
| | | | | രൂ. 90586/- |
| 7 | 194/17 – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | കെ.എസ്.ഇ.ബി | 175545/- | 36/16-17 തീയതി 3.3.2017<br>രൂ. 175545/- |
| 8 | 208/17 – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | കെ.എസ്.ഇ.ബി | 510000/- | 53/16-17 തീയതി24.3.2017<br>രൂ. 186500/-<br>48/16-17 തീയത 18.3.2017<br>രൂ. 323500/- |
| 9 | 216/17-സ്ട്രീറ്റ് മെയിൻ നീട്ടൽ | കെ.എസ്.ഇ.ബി | 78414/- | 52/16-17 തീയതി24.3.2017<br>രൂ. 78414/- |
| 10 | 221/17–കടിയൂർകോണം പള്ളിത്തറ റോഡില പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ല്യൂ.എ. | 121000/- | 47/16-17 തീയതി18.3.2017<br>രൂ. 121000/- |
| 11 | 223/17 ഗതാഗത തടസ്സമായ പോസ്റ്റുകൾമാറ്റി സ്ഥാപിക്കൽ കെ.എസ്.ഇ.ബി | കെ.എസ്.ഇ.ബി | 97191/- | |
| 12 | 224/17 പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ല്യൂ.എ. | 144000/- | 49/16-17 തീയതി18.3.2017<br>രൂ. 136909/- |
| ആകെ | | | 3910889/- | |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 12 തീയതി 13.7.2016 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ, കെ.എസ്.ഇ.ബി.യിൽ നിന്നും 5,78,486/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായി. കെ.എസ്.ഇ.ബി.യ്ക്ക് 35,45,889/- രൂപായും വാട്ടർ അതോറിറ്റിയ്ക്ക് 3,65,000/- രൂപയുമാണ് വിവിധ പദ്ധതികളിലൂടെ അനുവദിച്ചത്. കെ.എസ്.ഇ.ബി.യിൽ നിന്നും 29,67,403/- രൂപയുടേയും വാട്ടർ അതോറിറ്റിയിൽ നിന്നും 3,65,000/- രൂപയുടേയും വിനിയോഗം ഇനിയും ലഭിക്കാനുണ്ട്. ആയതിനാൽ വിനിയോഗം ഇനിയും ലഭിക്കാനുണ്ട്. ആയതിനാൽ വിനിയോഗം ലഭ്യമാക്കേണ്ട 33,32,403/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.71/17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | 150000(മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ | 1/16-17 തീയതി 21.03.2017, തുക 75693/- |
| ബിൽ നമ്പർ | 1/16-17 തീയതി 21.03.2017, തുക 74307/- |

മരുന്നു വാങ്ങൽ പദ്ധതിയിൽ ടെൻഡർ നേടിയ ആറ്റിങ്ങൽ ഡ്രഗ് ഹൗസ്, സൗത്തേൻഡ്രഗ് ഹൗസ് എന്നീ സ്ഥാപനങ്ങൾ താഴെ പറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകിയിരുന്നു. എന്നാൽ ഈ സെക്യൂരിറ്റി ഡെപ്പോസിറ്റ് നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

| ക്രമ നം | ചെക്ക്/ഡി.ഡി | | തുക |
|---|---|---|---|
| 1 | ചെക്ക് | 727398/ഇല്ല | 3720 |
| 2 | ഡി.ഡി | 971805/23.02.2017 | 3800 |

ആയതിനാൽ അടിയന്തിരമായി ചെക്ക് കളക്ഷന് നൽതി തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഡി.ഡിയുടെ കാലാവധി 3 മാസം ആയതിനാൽ ലഭിച്ച ഡി.ഡി.യുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. ആയതിനാൽ ഡി.ഡി റീവാലിഡേറ്റ് ചെയ്ത് തുക മാറി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 ലാപ്പ് ടോപ്പ് വാങ്ങി നൽകൽ - അപാകതകൾ

പ്രോജക്ട് നം. – എസ്.163/17 187/17, 156/17
നിർവ്വഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ തുക -200000(എസ്.സി.പി), 49000 (റ്റി.എസ്.പി), 30000(വികസനഫണ്ട്)
ബിൽ നമ്പർ – SO 163/17 Laptop for ST Students തീയതി 31.03.2017
തുക – 1960000
ബിൽ നമ്പർ – SO 187/17 Laptop for ST Students തീയതി 31.03.2017
തുക – 49000
ബിൽ നം. – SO1563/17 Laptop for Kudumbasree തീയതി 31.03.2017
തുക – 29750/- രൂപ

എസ്.സി വിദ്യാർത്ഥികൾ, എസ്.ടി വിദ്യാർത്ഥികൾ, കുടുംബശ്രീ എന്നിവർക്ക് 11 (8+2+1) ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായാണ് പദ്ധതികൾ വിഭാവനം ചെയ്തത്. 3 പദ്ധതികളിലുമായി 11 ലാപ് ടോപ്പ് വാങ്ങുന്നതിന് തീരുമാനിക്കുകയും ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ തുകയായ 24500/- രൂപയ്ക്ക് ലാപ് ടോപ്പുകൾ വാങ്ങാൻ ഓർഡർ നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച നടപടി ക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായി

1. 3 പദ്ധതികൾക്കുമായി ലാപ് ടോപ്പ് വാങ്ങുന്നതിനായുള്ള എസ്റ്റിമേറ്റ് 279000/- രൂപ ആയിരുന്നിട്ടും ഓപ്പൺ ടെൻഡർ നടപടി ഒഴിവാക്കി ക്വട്ടേഷൻ ക്ഷണിച്ചു. 25000/- രൂപ വരെയുള്ള വാങ്ങലുകൾക്കാണ് ക്വട്ടേഷൻ വഴി വാങ്ങാൻനിർദ്ദേശിച്ചിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഓപ്പൺ ടെൻഡർ ഒഴിവാക്കിയതിനാൽ ഇതിലും കുറഞ്ഞ തുകയ്ക്ക് ലാപ് ടോപ്പ് വാങ്ങാനുള്ള അവസരം പാഴാക്കി.
2. കുടുംബശ്രീക്ക് നൽകാനുള്ള ലാപ് ടോപ്പ്, ഉൾപ്പെടെയാണ് ക്വട്ടേഷൻ ക്ഷണിച്ച്, അംഗീകരിച്ച് 24500/- രൂപയ്ക്ക് ഓർഡർ നൽകിയെങ്കിലും അവസാന നിമിഷം കുടുംബശ്രീക്ക് വേണ്ടിയുള്ള ലാപ് ടോപ്പിന് മാത്രം വീണ്ടു മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ വാങ്ങുകയും കുറഞ്ഞ തുകയായ 29750/- രൂപയ്ക്ക് അംഗീകരിക്കുകയും ചെയ്തു. കുടുംബശ്രീക്ക് കൂടിയ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് വാങ്ങാൻ കമ്മിറ്റി തീരുമാനം ഉള്ളതായി കാണുന്നില്ല. ഡാറ്റാ എൻട്രി ജോലി മാത്രമുള്ള കുടുംബശ്രീക്ക് വിദ്യാർത്ഥികൾ പഠനത്തിനായി ഉപയോഗിക്കുന്ന ലാപ് ടോപ്പിനെക്കാൾ ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പ് ആവശ്യമില്ല. ഇങ്ങനെ വീണ്ടും വാങ്ങൽ നടത്തിയതിനാൽ 5250/- രൂപ അധികം നൽകേണ്ടി വന്നു. ഉപയോഗം അനുസരിച്ച് സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പ് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ വാങ്ങൽ സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. 100000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ നടപടികൾ അനുവർത്തിക്കേണ്ടതാണ്.

## 3-4 മെഡിക്കൽ ക്യാമ്പുകൾ സമയ ബന്ധിതമായി നടത്തുന്നില്ല- ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായ 4പദ്ധതികളിൽ ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി തുക നീക്കി വെച്ചിട്ടുണ്ട്. ഇതിനായി 8,90,000/-ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇതിൽ ക്രമ നം1 മുതൽ 3 വരെയുള്ള പദ്ധതികളിലെ തുകകൾ ഔഷധിക്കും ക്രമ നം 4ലെ തുക ഹോംകോക്കുമാണ് കൈമാറിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | ബിൽ നം തീയതി | ചെലവഴിച്ച തുക | ലഭ്യമായ മരുന്ന് | ലഭിക്കേണ്ട മരുന്ന് |
|---|---|---|---|---|---|
| 1 | എസ്.ടി. കോളനികളിൽ മെഡിക്കൽ ക്യാമ്പ് (146/17) | നം.4/16-17, 31.12.2016 | 90000 | 47774 | 42226 |
| 2 | വയോജന ആരോഗ്യ പരിപാലനം (121/17) | നം.3/16-17 31.12.2017 | 100000 | 59436 | 40564 |

| | | | | | |
|---|---|---|---|---|---|
| 3 | ഈയൂർവേദ മരുന്ന് വാങ്ങൽ (74-17) | നം.2/16-17 29.11.2016 | 500000 | 287665 | 212335 |
| 4 | ഹോമിയോ മരുന്ന് വാങ്ങൽ (75-17) | നം.1/16-17 20.10.2016 | 200000 | 135036 | 64964 |
| | ആകെ | | 890000 | 529911 | 360089 |

പട്ടികവർഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതിയിൽ 2 ഘട്ടങ്ങളിലായാണ് മരുന്ന് ലഭിച്ചത് (30.01.2017 &31.03.2017). ആദ്യഘട്ടത്തിൽ ലഭിച്ച മരുന്ന് ഉപയോഗിച്ച് 12.03.2017 & 14.03.2017 എന്നീ ദിവസങ്ങളിൽ ക്യാമ്പ് നടത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടം മരുന്നുകൾ ലഭിച്ചെങ്കിലും നാളിതുവരെ തുടർ ക്യാമ്പുകൾ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷ ണത്തിന് (നം:8) രണ്ടാം ഘട്ട ക്യാമ്പ് ഓഗസ്റ്റ് 23, 25 തീയതികളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്.

മെഡിക്കൽ ക്യാമ്പിന് വേണ്ടി 31.3.20177ൽ മരുന്നുകൾ ലഭ്യമായെങ്കിലും നാളിതുവരെ ക്യാമ്പ് നടത്താത്തതിനാൽ പദ്ധതിയുടെ പ്രയോജനം ബന്ധപ്പെട്ട വ്യക്തികൾക്ക് ലഭിക്കാതെ പോകുന്നു. ആയതിനാൽ ക്യാമ്പ് നടത്തുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബാക്കി ലഭിക്കാനുള്ള 360089/-രൂപയുടെ മരുന്നുകൽ ലഭ്യമാക്കുകയും ക്യാമ്പുകൾ നടത്തി പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് കെയർ-ആദായ നികുതി നഷ്ടം - ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.144/17 |
| നിർവഹണ ഉദ്യോഗസ്ഥ | പമെഡിക്കൽ ഓഫീസർ (അലോപ്പതി) |
| അടങ്കൽ തുക | 958121 (വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നമ്പർ | 1/16-17 പാലിയേറ്റീവ് കെയർ പ്രോജക്ട് തീയതി 21.01.2017 |
| തുക | 552703 |
| ബിൽ നമ്പർ | 3/16-17 പാലിയേറ്റീവ് കെയർ പ്രോജക്ട് തീയതി 28.03.2017 |
| തുക | 397297 |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ ആയുർവേദ, അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനാതി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവഴിച്ച തുകക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക കൈമാറിയ സ്ഥാപനം | ചെലവഴിച്ച തുക | ലഭ്യമായ മരുന്ന് | ലഭിക്കേണ്ട മരുന്ന് |
|---|---|---|---|---|
| 1 | ഔഷധി | 250000 | 52043 | 197957 |
| 2 | കാരുണ്യ | 353890 | 309375 | 50515 |
| | ആകെ | | | 248472 |

ബാക്കി ലഭിക്കാനുള്ള 2,48,472/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പാലിയേറ്റീവ് കെയറിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി വാഹനം കോൺട്രാക്ടിൽ എടുത്തിട്ടുണ്ട്. ടി വാഹനം ഓടിച്ച വകയിൽ ഡ്രൈവർക്ക് 2016-17 വർഷത്തിൽ 1,55,600/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ തുക നൽകുമ്പോൾ ആദായ നികുതി നയമം സെക്ഷൻ 194സി അനുസരിച്ചുള്ള ആദായ നികുതി ടിയാനിൽ നിന്നും ഈടാക്കിയില്ല. ഇതി സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.19)ആദായ നികുതി ഈടാക്കിയില്ല എന്ന മറുപടി ലഭിച്ചു. ആയതിനാൽ വരവിനത്തിൽ 1556/-രൂപ നഷ്ടംവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ നഷ്ടമായ 1556/-രൂപ ഈടാക്കി ഒടുക്ക വരുത്തേണ്ടതാണ്.

## 3-6 ജൈവ പച്ചക്കറി കൃഷി-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.179/17 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 2799200/-(4100000/- വികസനഫണ്ട് (പൊതു വിഭാഗം 1399200/-മറ്റുള്ളവ) |
| ബിൽ നമ്പർ | VLND13/2016-17 തീയതി 31.3.2017<br>തുക 28125 |

പച്ചക്കറിവിത്ത് വിതരണത്തിനും അതിന് വേണ്ടുന്ന കൂലി ചെലവ് നല്കുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. പച്ചക്കറി വിത്തുകൾ 100% സബ്സിഡിയിലാണ് വിതരണം ചെയ്തത്. ഓരോ സെന്റിനും 400/-രൂപ നിരക്കിലാണ് കൂലി ചെലവ് നിർണ്ണയിച്ചിരിക്കുന്നത്. ഇതനുസരിച്ച് 200/-രൂപ നിരക്കിൽ 2332 പാക്കറ്റ് പച്ചക്കറി പാക്കറ്റ് വാങ്ങുകയും ചെയ്തു.

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 502 യൂണിറ്റുകൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യാൻ ബാക്കിയുള്ളതായി കണ്ടു.

3. സോമശേഖരൻ നായർ എന്ന വ്യക്തിക്ക് യൂണിറ്റിന് 400/-രൂപ നിരക്കിൽ 4800/-രൂപ നൽകുന്നതിന് പകരം 5000/-രൂപ നൽകിയിരിക്കുന്നു.

4. 3 യൂണിറ്റുകൾക്ക് തുക നൽകിയിട്ടില്ല

അധികമായി നൽകിയ 200/-രൂപയും ചേർത്ത് തുക നൽകാത്ത യൂണിറ്റുകൾക്ക് നൽകേണ്ടതാണ്. വിതരണം ചെയ്യാൻബാക്കിയുള്ള 502 യൂണിറ്റുകൾവിതരണം ചെയ്തു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കി

പ്രോജക്റ്റ് നമ്പർ : എസ് 142/17

നിർവഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

അടങ്കൽ തുക : 660000/-

(400000/- വികസന ഫണ്ട് (പൊതു വിഭാഗം) , 260000/-മറ്റുള്ളവ)

ബിൽ നമ്പർ : VLND4/2016-17 തീയതി : 28.03.2017 തുക: 28125

കർഷകർക്ക് ഗ്രോ ബാഗും പച്ചക്കറി വിത്തും സബ്സിഡി ആയി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഗ്രോ ബാഗിന് 50% വും പച്ചക്കറി വിത്തിനു 100% വും ആണ് സബ്സിഡി. എന്നാൽ ഈ നിരക്ക് പരിഗണിക്കാതെ പച്ചക്കറി വിത്തിനു അധിക നിരക്കിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുകയിൽ കുറവ് വരുത്തുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രോ ബാഗിന്റെ വില, വിത്തിന്റെ വില | ചെലവഴിക്കേണ്ടിയിരുന്ന തുക | | ചെലവഴിച്ച തുക | | അധികമായി ഈടാക്കിയ ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|
| | പ്ലാൻ ഫണ്ട് | ഗുണഭോക്തൃ വിഹിതം | പ്ലാൻ ഫണ്ട് | ഗുണഭോക്തൃ വിഹിതം | |
| 41000<br>10250 | 20500<br>10250 | 20500<br>- | 20500<br>7625 | 20500<br>2325 | 2325 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20) മറുപടി ലഭിച്ചില്ല. ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന 2325/-രൂപയുടെ സബ്സിഡി നഷ്ടമായി

## 3-8 പാലിയേറ്റീവ് കെയർ പഞ്ചായത്ത് വിഹിതം ഒടുക്കൽ - കൈപ്പറ്റു രസീത് ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ : എസ് 184/17

നിർവഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (അലോപ്പതി)

അടങ്കൽ തുക : 100000 (വികസന ഫണ്ട് ( പൊതു വിഭാഗം))

ബിൽ നമ്പർ : 2/16-17-Palliative care secondary level project തീയതി :21.01.2017 തുക: 100000

പാലിയേറ്റീവ് കെയർ സെക്കൻഡറി ലെവൽ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി 1,00,000/-രൂപ ചെലവഴിച്ചെങ്കിലും ജില്ലാ പഞ്ചായത്തിൽ നിന്നും കൈപ്പറ്റു രസീത് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.19) മറുപടി ലഭിച്ചില്ല. ആയതിനാൽ 100000/-രൂപയുടെ കൈപ്പറ്റു രസീത് ജില്ലാ പഞ്ചായത്തിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-9 പി എം എ വൈ വിഹിതം ഒടുക്കൽ - കൈപ്പറ്റു രസീത് ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ : എസ് 86/17

നിർവഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക : 45000 (SCP)

ബിൽ നമ്പർ : 5-PMAY contribution തീയതി : 17.01.2017 തുക : 45000

പി.എം.എ.വൈ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി 45000രൂപ ചെലവഴിച്ചെങ്കിലും ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കൈപ്പറ്റു രസീത് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.15) ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽ 45000/-രൂപയുടെ കൈപ്പറ്റു രസീത് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-10 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല

പ്രോജക്റ്റ് നമ്പർ : എസ് 85/17

നിർവഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക : 119000 (TSP)

ബിൽ നമ്പർ : s0085/17-Extension of Streetlight തീയതി : 02.03.2017 തുക: 58300

മുണ്ടേല പട്ടികവർഗ കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിയാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി 58300/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെഎസ്ഇബിക്കാണ് ടി തുക കൈമാറിയിരിക്കുന്നത്. ടി തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.15) ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ആയതിനാൽ 58300/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബിയിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് .

## 3-11 കാർഷിക സർവ്വേ - മാർഗ്ഗരേഖയിലില്ലാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു - 39200രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : എസ് 17/17

നിർവഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

അടങ്കൽ തുക : 378750 (300000-തനതു ഫണ്ട് , 7850-മറ്റുള്ളവ )

വൗച്ചർ നമ്പർ : 21601491 തീയതി : 31.03.2017 തുക: 39200

ജൈവ പച്ചക്കറി വികസനവും കാർഷിക സർവേയും എന്ന പദ്ധതി തയ്യാറാക്കി ഡി പി സി യുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖയിൽ നിന്നും സർവ്വേ നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചതെന്ന് മനസിലാക്കാം. സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി ഏറ്റെടുക്കാൻ വിസമ്മതിച്ച കൃഷി ഓഫീസറെ 28.02.2017ലെ I(9) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണം ഏൽപ്പിച്ചു. സർവ്വേ നടത്തുന്നതിനായി ഫോറം പ്രിൻറ് ചെയ്യുന്നതിന് 39200/-രൂപ ചെലവഴിട്ടുണ്ട്. സർവ്വേ നടത്തിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

സബ്സിഡി മാർഗ രേഖയിലില്ലാത്ത പദ്ധതിക്കായി പണം ചെലവഴിച്ചതിന്റെ കാരണം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ സർവെയ്ക്കായി ചെലവഴിച്ച 39200/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 യാത്രാബത്ത-ത്രൈമാസ പരിധി അധീകരിച്ചു-6934/- നിരീകരിക്കുന്നു

| | |
|---|---|
| വൗച്ചർ നമ്പർ | 21601001 തീയതി 07.01.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ശ്രീ. ഷാജി ബോൺസിലി (സെക്രട്ടറി) ക്ക് യാത്ര ബത്ത അനുവദിച്ചപ്പോൾ സ.ഉ (പി) നം. 74 /2012/ധന തീയതി 28.01.2012 അനുസരിച്ചുള്ള യാത്ര ബത്തയുടെ ത്രൈമാസ പരിധി അധികരിച്ചു.

| കാലയളവ് | അനുവദിച്ച തുക | പരിധി | അധികരിച്ച തുക |
|---|---|---|---|
| 07/2014മുതൽ 09/2014 വരെ | 6465 | 4410 | 2055 |
| 10/2014മുതൽ 12/2014 വരെ | 6614 | 4410 | 2204 |
| 1/2015മുതൽ 3/2015 വരെ | 5559 | 4410 | 1149 |
| 4/2015മുതൽ 6/2015 വരെ | 5936 | 4410 | 1526 |
| ആകെ | | | 6934 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7) ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. അധികമായി നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്

## 3-13 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 51789/- തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

താഴെ പറയുന്ന തനത് ഫണ്ട് വൗച്ചറുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

വൗച്ചർ നമ്പർ : 21600929 തീയതി :19.12.2016 തുക: 50289/-

വൗച്ചർ നമ്പർ : 21601147 തീയതി :17.02.2017 തുക: 1500/-

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7) ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത്. ഈ സാഹചര്യത്തിൽ 53289/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-14 താമസ സൗകര്യത്തിനായി അധിക നിരക്ക് നൽകി - 1815/-രൂപ നിരാകരിക്കുന്നു

| | |
|---|---|
| വൗച്ചർ നമ്പർ | 21601169/- |
| തീയതി | 23.02.2017 |
| തുക | 3630/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട 2017 ഫെബ്രുവരി 18 ,19 തീയതികളിൽ കണ്ണൂരിൽ വെച്ച് നടന്ന പരിപാടിയിൽ പങ്കെടുക്കുന്നതിലേക്കായി അവിടെ താമസിച്ച വകയിൽ ഹോട്ടൽ റൂം വാടകയിനത്തിൽ 3630 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാടകയുടെ ബിൽ പ്രകാരം 1815/-രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:7) രണ്ടു ദിവസത്തേക്കുള്ള തുകയാണ് നൽകിയത് എന്ന മറുപടിയാണ് ലഭിച്ചത്. 19.02.2017 00.50.00മുതൽ 19.02.2017 08.01.23 വരെ താമസിച്ച 1815രൂപയുടെ ബിൽ ആണ് ഹാജരാക്കിയിരിക്കുന്നത്. ആയതിനാൽ വാടകയിനത്തിൽ അധികം നൽകിയ 1815രൂപ നിരാകരിക്കുന്നു.

## 3-15 തീറ്റപ്പുൽ കൃഷിക്കുള്ള വിത്തുകൾ - വിതരണ രേഖകൾ ഹാജരാക്കിയില്ല – 150000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 134/17 |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 150000 |
| ബിൽ നമ്പർ | 4/16-17തീയതി : 24.03.207 |
| ബിൽ നമ്പർ | 150000 |

ക്ഷീര കർഷകർക്ക് തീറ്റപ്പുൽ കൃഷി നടത്തുന്നതിനായി വിത്തുകൾ 80% സബ്സിഡിയോടുകൂടി വാങ്ങി നല്കുന്നതിനായാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ഇതിനായുള്ള പുൽക്കടകൾ വാങ്ങി 5 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്നതിനായി തീരുമാനിച്ചു. പുൽക്കടകൾ ഹെക്ടർ ഒന്നിന് 7500രൂപ നിരക്കിൽ 25 ഹെക്ടർ പുൽക്കടകൾ ഗ്രീൻ ഗ്രാസ് അഗ്രോ ഫാമിൽ നിന്നും വാങ്ങുകയും സബ്സിഡി തുകയായ 150000രൂപ ടി സ്ഥാപനത്തിന് നൽകുകയും ചെയ്തു.

എന്നാൽ വാങ്ങിയ പുൽക്കടകൾ സംഘങ്ങൾക്ക് വിതരണം ചെയ്തതിനോ അവരിൽ നിന്നും കർഷകർക്ക് കൈമാറിയത് സംബന്ധിച്ചതോ ആയ യാതൊരു രേഖകളും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.9) യാതൊരു മറുപടിയും ലഭിച്ചില്ല. ഈ സാഹചര്യത്തിൽ പുൽക്കടകൾ വാങ്ങാനായി ചെലവഴിച്ച 1,50,000/-രൂപ തടസ്സത്തിൽ വെക്കുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-16 അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു - 2399നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 84/17 |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | 275000 (SCP) |
| ബിൽ നമ്പർ | 2/16-17 തീയതി :20.03.2017 തുക: 66185 |

| | |
|---|---|
| ബിൽ നമ്പർ | 7/16-17 തീയതി :27.03.2017 തുക: 23400 |

ക്ഷീര കർഷകർ ക്ഷീര സംഘങ്ങളിൽ ഒഴിക്കുന്ന പാലിന്റെ അളവിനനുസരിച്ച് സബ്സിഡി നല്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. സർക്കാർ ഉത്തരവ് പ്രകാരം ലിറ്ററൊന്നിന് 3രൂപ/4 രൂപ നിരക്കിലാണ് സബ്സിഡി അനുവദിക്കേണ്ടത്.

ശശി എന്ന ഗുണഭോക്താവ് പാൽ നൽകിയതിന്റെ സബ്സിഡി ആയി 7342/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടിയാൻ എത്ര ലിറ്റർ പാൽ സംഘത്തിന് നൽകി എന്നത് സംബന്ധിച്ച് യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സബ്സിഡി ആയി അനുവദിച്ച 7342/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

താഴെ പറയുന്ന കർഷകർ പാൽ നൽകിയതിന്റെ ആനുപാതികമായി നൽകേണ്ട തുകയേക്കാൾ അധികം തുക നൽകി

| ക്രമ നം | കർഷകന്റെ പേര് | ഒഴുക്കിയ പാൽ | നൽകേണ്ട തുക | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | സജിലത | 1934.5 | 6892 | 7647 | 755 |
| 2 | നളിനി | 708.9 | 2836 | 4480 | 1644 |
| | ആകെ | | | | 2399 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.9) യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ അധികമായി നൽകിയ 2399/-രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ് .

## 3-17 ഭവന പുനരുദ്ധാരണം - വാല്യൂവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക നൽകി - 100000രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് ഒ84/17 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 275000 (SCP) |
| ബിൽ നമ്പർ | 10-s0084/17 house maintenance(SCP) തീയതി :22.03.2017 തുക: 50000 |
| ബിൽ നമ്പർ | 12-s0084/17 house maintenance(SCP) തീയതി :31.03.2017 തുക: 50000 |

8 വർഷം പഴക്കമുള്ള വീടുകൾ പുനരുദ്ധരിക്കുന്നതിനായി സഹായ ധനം അനുവദിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. 4ഗുണഭോക്താക്കൾക്കായി 25000രൂപ നിരക്കിൽ 100000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

- തുക കൈമാറുന്നതിനായുള്ള ബാങ്ക് അക്കൗണ്ട് ഭാര്യയുടെയും ഭർത്താവിന്റെയും ജോയിന്റ് അക്കൗണ്ടുകൾ അല്ല

- വീടുകളുടെ പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റില്ലാതെയാണ് മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നത്

- തുക ലഭിച്ചതായുള്ള ഗുണഭോക്താക്കളുടെ കൈപ്പറ്റ രസീതോ അക്കൗണ്ട് പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പോ ഹാജരാക്കിയില്ല

- ട്രെഷറിയിൽ നൽകിയ ബില്ലിന്റെയോ ഉള്ളടക്കമായി ചേർത്ത ഗുണഭോക്താക്കളുടെ അക്കൗണ്ടിന്റെ വിവരങ്ങളോ ഹാജരാക്കിയില്ല

- വത്സലൻ, ശ്രീവത്സലം, വെള്ളനാട് എന്ന വ്യക്തിക്ക് അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ തുക നൽകി

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 100000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-18 ഓട്ടോ റിക്ഷ വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - 50,000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : എസ് ഒ21/17

നിർവഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ തുക : 350000 (100000-TSP, 250000-മറ്റുള്ളവ )

ബിൽ നമ്പർ : 5-purchase of auto riksha തീയതി : 17.01.2017 തുക: 50000

പട്ടിക വർഗ്ഗക്കാരായ വ്യക്തികൾക്കു ഓട്ടോ റിക്ഷ വാങ്ങി നല്കുന്നതിനായാണ് പദ്ധതി നടപ്പിലാക്കിയത്. 50000രൂപയാണ് സബ്സിഡി തുക. സുഭാഷ്, കാവ് വിളാകത്തു വീട് എന്ന വ്യക്തിക്ക് വായ്പ അനുവദിച്ചത് സംബന്ധിച്ച ബാങ്കിന്റെ കത്ത് ഹാജരാക്കിയില്ല. കൂടാതെ ഓട്ടോ റിക്ഷയുടെ ആർ സി ബുക്കിന്റെ പകർപ്പും ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 യുവാക്കൾക്ക് ഓട്ടോ റിക്ഷ വാങ്ങുന്നതിനുള്ള ധന സഹായം നൽകൽ - രേഖകൾ ഹാജരാക്കിയില്ല - 150000രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് ഒ19/17 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 1250000 (500000-SCP, 750000-മറ്റുള്ളവ ) |
| ബിൽ നമ്പർ | 7 so019/17- auto rickshaw subsidy -SCP തീയതി : 31.01.2017 തുക: 150000 |

പട്ടിക ജാതിക്കാരായ വ്യക്തികൾക്കു ഓട്ടോ റിക്ഷ വാങ്ങി നല്കുന്നതിനായാണ് പദ്ധതി നടപ്പിലാക്കിയത്. 50000രൂപയാണ് സബ്സിഡി തുക. 3 വ്യക്തികൾക്കാണ് തുക അനുവദിച്ചത്. പദ്ധതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

- ശ്യാം കുമാർ ആർ, അജികുമാർ എന്നിവർക്ക് വായ്പ അനുവദിച്ചത് സംബന്ധിച്ച ബാങ്കിന്റെ കത്ത് ഹാജരാക്കിയില്ല. കൂടാതെ ഓട്ടോ റിക്ഷയുടെ ആർ സി

ബുക്കിന്റെ പകർപ്പും ഹാജരാക്കിയില്ല.

- 3വ്യക്തികൾക്കുള്ള സബ്സിഡി തുകയാണ് ചെലവഴിച്ചതെങ്കിലും 2ഗുണഭോക്താക്കളുടെ അപേക്ഷയും ബന്ധപ്പെട്ട രേഖകളും മാത്രമാണ് ഹാജരാക്കിയത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 ആശ്രയ പദ്ധതി - കുടുംബശ്രീക്ക് നൽകേണ്ട തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേക്കു നിക്ഷേപിച്ചു - അനധികൃതമായി ചെലവഴിച്ചു - ബാലൻസ് തുക 62004/- രൂപ മാത്രം നില നിൽക്കുന്നു - 158121/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 117/17 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 332021 (വികസന ഫണ്ട് - പൊതു വിഭാഗം ) |
| ബിൽ നമ്പർ | 1/2016-17<br>തീയതി : 30.11.2016<br>തുക: 173900 |
| ബിൽ നമ്പർ | SO117/2017<br>തീയതി : 16.03.2017<br>തുക: 158121 |

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി പദ്ധതി പണം നിർവഹണ ഉദ്യോഗസ്ഥ കുടുംബശ്രീക്കു കൈമാറേണ്ടതാണ്. ഫണ്ട് ചെലവഴിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതി പ്രകാരം ആകെയുള്ള 332021/-രൂപയിൽ 52400/-രൂപ ആഹാരത്തിനും 229621/-രൂപ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും 50000/-രൂപ കിണർ നിർമ്മാണത്തിനുമാണ് നീക്കി വെച്ചിരിക്കുന്നത്. എന്നാൽ 2016-17 വർഷം ടി പദ്ധതിയ്ക്കായി കുടുംബശ്രീയ്ക്ക് ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിരിക്കുന്നതു ആഹാരത്തിനു വേണ്ടി മാത്രമാണ്.

- പദ്ധതി പണം രണ്ടു തവണകളായാണ് അനുവദിച്ചത്. ഇതിൽ രണ്ടാം തവണ അനുവദിച്ച 158121/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ കുടുംബശ്രീയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം അസിസ്റ്റന്റ് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു. ടി തുക നാളിതുവരെയായി കുടുംബശ്രീക്കു ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറിയുടെ അക്കൗണ്ട് പാസ് ബുക്ക് പരിശോധിച്ചതിൽ 12.04.2017വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഇത് പ്രകാരം ടി അക്കൗണ്ടിലെ ബാലൻസ് 62004/-രൂപയാണ്. ഇതിൽ നിന്നും മേൽപ്രകാരം നിക്ഷേപിച്ച തുക ഇപ്പോൾ ടി അക്കൗണ്ടിൽ ഇല്ലെന്ന് മനസ്സിലാക്കാവുന്നതാണ്. സെക്രട്ടറിയുടെ അക്കൗണ്ടിൽ ടി തുക അവശേഷിക്കാത്തതിനാൽ ടി തുക അനധികൃതമായി ചെലവഴിച്ചതായി കരുതുന്നു. ഗുരുതരമായി വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:15) ബാങ്ക് ബാലൻസ് 29.03.2017ൽ 162004/- രൂപ എന്ന മറുപടിയാണ് ലഭിച്ചത്. ഇത് അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ 158121/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അസിസ്റ്റന്റ് സെക്രട്ടറിയുടെ പക്കൽ നിന്നും 158121/-രൂപ ഈടാക്കി എത്രയും വേഗം കുടുംബശ്രീയുടെ അക്കൗണ്ടിലേക്കു മാറ്റി വിവരം ഓഡിറ്റിനെ അറിയിച്ചു തടസ്സം ഒഴിവാക്കേണ്ടതാണ് .

ഫണ്ട് യഥാസമയം കൈമാറാതെ അതിൽ നിന്നും അനധികൃതമായി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-21 പദ്ധതി രേഖകളും ഫയലുകളും ഹാജരാക്കിയില്ല - 5000രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയലുകളോ അനുബന്ധ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് റീക്വിസിഷൻ നൽകിയെങ്കിലും ഫയലുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കിണർ പുനരുദ്ധാരണം<br>( എസ് സി പി)(നം. 18/17) | 5000 | 5000 |

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 5000/-രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-22 പദ്ധതി രേഖകളും ഫയലുകളും ഹാജരാക്കിയില്ല – 38,08,600/-രൂപ തടസ്സപ്പെടുത്തുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന 5 പദ്ധതികളുടെ ഫയലുകളോ അനുബന്ധ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് റീക്വിസിഷൻ നൽകിയെങ്കിലും ഫയലുകൾ ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഭവന പുനരുദ്ധാരണം (നം. 22/17) | 320000 | 40000 |
| 2 | കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ(നം. 23/17) | 152000 | 16000 |
| 3 | ഓട്ടോ റിക്ഷ പരിശീലനവും ഓട്ടോ റിക്ഷ വാങ്ങി നൽകലും (നം. 27/17) | 2962000 | 360000 |
| 4 | വ്യക്തിഗത കക്കൂസ് നിർമ്മാണം (നം. 68/17) | 3372600 | 3372600 |
| 5 | ഭവന പുനരുദ്ധാരണം (നം. 76/17) | 1440000 | 20000 |
|  | ആകെ | 27336600 | 3808600 |

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 3808600/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-23 പൊതുമരാമത്ത് പ്രവൃത്തികൾ - ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പാലിച്ചിട്ടില്ല.

കേരള സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ തീയതി 13.11.2014 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(i) പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത ബാങ്കിൽ ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ.

(ii) പ്രവൃത്തിയ്ക്ക് വിനിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വേതന നിരക്ക്, ഹാജർ മുതലായവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേയ്ക്ക് ഒന്ന് എന്ന കണക്കിൽ സൂക്ഷിക്കേണ്ടതും ആഴ്ചയുടെ അവസാന ദിവസം തൊഴിലാളികളുടെ ഒപ്പും തീയതിയും വച്ച് വേതനം നൽകേണ്ടതുമാണ്. മസ്റ്റർറോളിന്റെ അവസാന ദിവസം തൊഴിലാളികളുടെ ഒപ്പും തീയതിയും വച്ച് വേതനം നൽകേണ്ടതുമാണ്. മസ്റ്റർറോളിന്റെ അവസാന ഭാഗത്ത് ചെയർമാനും കൺവീനറും തീയതി വച്ച് ഒപ്പിടേണ്ടതുമാണ്.

(iii) പ്രവൃത്തിയ്ക്ക് ആവശ്യമായ എല്ലാ നിർമ്മാണ സാധനങ്ങളും ന്യായവും സ്വീകാര്യമായിരിക്കേണ്ടതുമാണ്. കൺവീനർ വരവ് ചെലവ് കണക്ക് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി വേണം നിർവഹണോദ്യോഗസ്ഥന് സമർപ്പിക്കേണ്ടത്. പ്രസ്തുത കണക്കിന്റെ അടിസ്ഥാനത്തിലാവണം പ്രവൃത്തിയുടെ മൂല്യം കണക്കാക്കേണ്ടത്.

മേൽ പറഞ്ഞവയൊന്നും തന്നെ പഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പാലിക്കപ്പെട്ടിട്ടില്ല. ഗുണഭോക്തൃ സമിതി കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കുന്നതിന് മാത്രമായി യോഗം ചേർന്നിരിക്കുന്നതായി കാണുന്നു. പ്രവൃത്തി അവലോകനമോ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് സമിതിയുടെ അംഗീകാരം നേടിയതായോ ഒരു പ്രവൃത്തിയിലും കാണുന്നില്ല. പഞ്ചായത്തിൽ നടപ്പിലാക്കിയ 5 ലക്ഷത്തിൽ താഴെയുള്ള ഭൂരിഭാഗം പ്രവൃത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്.

പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുവെന്ന് അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 3-24 ക്ഷേത്രോത്സവത്തോടനുബന്ധിച്ച് പൊതു ഫണ്ടിൽ നിന്നും ചട്ട വിരുദ്ധമായി തുക ചെലവഴിച്ചു - തുക തടസ്സം വയ്ക്കുന്നു. രൂപ 2,00,000/-

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വ.ഭ.വ.) |
| നിർവഹണോദ്യോഗസ്ഥ | ഫണ്ടിനം തനത് ഫണ്ട് |

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവ് തുക | ചെക്ക് നമ്പരും തീയതിയും | അളവ് പുസ്തകം നമ്പർ | കൺവീനർ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 115/17 | 100000 | 95119 | 5263103 തീയതി 22.10.2016 | 993/15-16 | സന്തോഷ് കുമാർ<br>വടക്കുംക്കര പുത്തൻവീട്, വെള്ളനാട് |
| 2 | 225/17 | 100000 | 95544 | | 691/16-17 | " " |

വെള്ളനാട് ശ്രീ ഭഗവതി ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനം, പരിസരത്തെ ഓട വൃത്തിയാക്കൽ, ക്ഷേത്ര കുളം വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ടി ക്ഷേത്രം 913/88 നമ്പരായി രജിസ്റ്റർ ചെയ്ത ട്രസ്റ്റിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ക്ഷേത്രോത്സവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കേണ്ടത് ക്ഷേത്രം തന്നെയാണെന്നിരിക്കെ പദ്ധതി തയ്യാറാക്കി പൊതു ഫണ്ടിൽ നിന്നും തുക മതപരമായ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് ചെലവഴിച്ചത് ചട്ടവിരുദ്ധമായതിനാൽ അംഗീകരിക്കാൻ സാധിക്കുന്നതല്ല. ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21തീയതി 17.8.2017) മറുപടി നൽകിയെങ്കിലും (176/എ.ഇ. /എൽ.എസ്.ജി.ഡി/വിഎൽഎൻഡി/17-18) ചെലവിന്റെ സാധൂകരണത്തിന് മതിയായ രേഖകൾ ഹാജരാക്കുകയുണ്ടായിട്ടില്ല. ചട്ടവിരുദ്ധമായി ചെലവ് ചെയ്ത തുക 200000/-ഇതിനാൽ തടസ്സ് വയ്ക്കുന്നു.

ചെലവിന് സർക്കാർ സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2016-17 - അവലോകനം

1 *രജിസ്ട്രേഷനും തൊഴിൽ നൽകലും*

| ആകെ കുടുംബങ്ങളുടെ എണ്ണം | തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | നൽകിയ തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|
| ലഭ്യമല്ല | 4904 | 4878 | 2615 | 368 | 141134 |

II *വിഭാവനം ചെയ്തതും യഥാർത്ഥത്തിൽ നിർവഹിക്കപ്പെട്ടതുമായ പദ്ധതികളുടെ വിശദാംശങ്ങൾ*

| ഏറ്റെടുത്ത പദ്ധതികൾ | വിഭാവനം ചെയ്ത തൊഴിൽ ദിനങ്ങൾ | അടങ്കൽ തുക | നിർവഹിച്ച പദ്ധതികൾ | നൽകിയ തൊഴിൽ ദിനങ്ങൾ | ലഭ്യമായ തുക | ചെലവായ തുക |
|---|---|---|---|---|---|---|
| 623 | 157016 | 43900582 | 211 | 141134 | 46977987 | 45442000 |

III *നിർവഹിച്ച പദ്ധതികൾ - തരം തിരിച്ച്*

| ക്രമ നം. | പ്രവൃത്തിയുടെ തരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | തോട് പുനരുദ്ധാരണം | 45 | 4112962 |
| 2 | മഴക്കുഴി നിർമ്മാണം | 18 | 795140 |
| 3 | കുളം പുനരുദ്ധാരണം | 12 | 1426892 |
| 4 | കുളം നിർമ്മാണം | 2 | 59290 |

| | | | |
|---|---|---|---|
| 5 | ഭൂവികസനം | 125 | 26621384 |
| 6 | റോഡ് കോൺക്രീറ്റ് | 2 | 578200 |
| 7 | മൺറോഡ് നിർമ്മാണം | 7 | 616295 |

*IV ഫണ്ട് ലഭിച്ചതും വിനിയോഗിച്ചതും*

| മുന്നിരിപ്പ് | തൻവർഷ വരവ് | പലിശ | ആകെ | ആകെ ചെലവ് | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | പദ്ധതി ചെലവ് | ഭരണപരമായ ചെലവ് | |
| 10290.70 | 1522666 | 13915.95 | 46977987 | 45431114 | 1533886 | 12987 |

V *ഓഡിറ്റ് നിരീക്ഷണങ്ങൾ*

2016-17 വർഷം 623 പദ്ധതികൾ നിർവഹിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ 211 പദ്ധതികൾ മാത്രമേ നിർവഹിക്കാൻ കഴിഞ്ഞുള്ളൂ. അതായത് 34.7% പദ്ധതികൾ മാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളൂ. ആസ്തി സൃഷ്ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ബി.പി.എൽ/എസ്.സി. വിഭാഗക്കാരുടെ കൃഷി ഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 20023054/- രൂപ വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പ്രചാരണത്തിനായി യോഗങ്ങൾ വിളിച്ചു ചേർക്കുകയും പദ്ധതി നിർവഹണത്തിനുമുന്നോടിയായി പ്രോജക്ട് ഇനിഷ്യേറ്റിങ്ങ് മീറ്റിംഗ് നടത്തുകയും വർക്ക് സൈറ്റ് ഫെസിലിറ്റി ഒരുക്കുകയും ചെയ്യുന്നുണ്ട്

## 3-26 അംഗൻവാടികൾ -അവലോകനം

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ 28 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 10 അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ റിപ്പോർട്ട് ചെയ്ത പ്രകാരം ചാങ്ങ വാർഡിലെ മണ്ണാംകോണം അംഗൻവാടിയിൽ ടോയ് ലെറ്റ് സൗകര്യമില്ല എന്നത് വളരെ ഗുരുതരമായ പ്രശ്നമായി ഓഡിറ്റ് വിലയിരുത്തുന്നു. സ്വന്തമായ കെട്ടിടമുണ്ടായിട്ടും കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി ചുറ്റുമതിൽ കെട്ടി സംരക്ഷണമേർപ്പെടുത്താത്ത അംഗൻവാടികളും പഞ്ചായത്തിലുണ്ട്. മുഴുവൻ അംഗൻവാടികളിലും വൈദ്യുതി, ജല ലഭ്യത ഗ്യാസ് കണക്ഷൻ തുടങ്ങിയവ ഉള്ളതും കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ളതുമാണ്. പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി അംഗനവാടികളുണ്ടായതും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അംഗൻവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അംഗൻവാടിയുടെ പേര് | വാർഡ് | സ്വന്തമായി കെട്ടിടമുള്ളവ | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | വൈദ്യുതി ഉള്ളവ | ടോയ് ലെറ്റ് സൗകര്യം ഉള്ളവ | ജലലഭ്യത ഉള്ളത് | കോംപൗണ്ട് വാശ ഉള്ളവ |
|---|---|---|---|---|---|---|---|---|
| 1 | Konganam | Kannyrupara | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 2 | Puthukulangara | Kannayarupara | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | Vilipara | Puthukulangara | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | Mundela | Mundela | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | Kidangumal | Kidangumal | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | Chittikonam | Veliyanoor | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | Changa | Changa | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 8 | Thuttumon | Veliyannor | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 9 | Manamkonam | Changa | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | Aaruvikkamoozhi | Puthumangalam | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 11 | palayam | Kambanimukke | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | Punalal | Punalal | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13 | Chakkippara | Punalal | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 14 | Pottencode | Punalal | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15 | Koottyanimoode | Kulakkode | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 16 | Kadukkamood | Uriyakkode | ഇല്ല | ഉണ്ട്. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 17 | Kannambally | Kannambally | ഇല്ല | ഉണ്ട്. | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 18 | Kuthirakulam | Kuthirakulam | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 19 | Meppattumala | Kannambally | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 20 | Mazhuvancode | Valiyara | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 21 | Vellanad Town | Town Ward | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 22 | ShankaraMugan | Valiyara | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 23 | Kulakkod | Valiyara | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 24 | Pazhyaveettumuzhi | Melamcode | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 25 | Thulayil | Kulacode | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 26 | Cherukulam | Cherukulam | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 27 | Mithranikethan | Kambanimukke | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 28 | Karikkonam | Kulakkode | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ നീട്ടൽ / പോസ്റ്റ് ഷിഫ്റ്റിംഗ് ( വിവിധ പദ്ധതികൾ ) | 3545889 | 578486 | 2967403 |
| 2 | കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(വിവിധ പദ്ധതികൾ) | 365000 | - | 365000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 64 | 2002-03 | VII.1.1.3 (1) | സമഗ്ര പുരയിട കൃഷി - സർക്കാർ പണം അനധികൃതമായി കയ്യിൽ വെച്ചു | റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്കു ഒന്നിനെ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61743598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56132208 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1556 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 11148 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7654124 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.5 | 1556 | | ഡോ ജയകുമാർ,<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 3.12 | | 6934 | കെ വി സുരേഷ്, സെക്രട്ടറി |
| 3.14 | | 1815 | കെ വി സുരേഷ്, സെക്രട്ടറി |

| | | | |
|---|---|---|---|
| 3.16 | | 2399 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | 1556 | 11148 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രം നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3.1 | 3332403 | ശ്രീ. കെ വി സുരേഷ്, സെക്രട്ടറി |
| 2 | 3.11 | 39200 | ഭരണസമിതി<br>ശ്രീ. വെള്ളനാട് ശശി<br>ശ്രീ. ബിജു കുമാർ. എ.ആർ.<br>ശ്രീമതി ബിന്ദു.എസ്.<br>ശ്രീമതി കെ.എസ്. രാജലക്ഷ്മി.<br>ശ്രീമതി നളിനകുമാരി. കെ.<br>ശ്രീ. സതീഷ് കുമാർ. എസ്.<br>ശ്രീ. ഡി. സത്യനേശൻ<br>ശ്രീമതി പ്രതിജ. എൽ.<br>ശ്രീ. എം.വി. രഞ്ജിതി<br>ശ്രീമതി ദീപകുമാരി. എം.എസ്.<br>ശ്രീമതി ശാലിനി ആർ<br>ശ്രീമതി ബിന്ദു. എം.<br>ശ്രീ. ജോസ് റ്റി<br>ശ്രീ. ജെ. കുമാരദാസ്<br>ശ്രീമതി സജിത. എസ്.ഡബ്ല്യു.<br>ശ്രീമതി അശ്വതി എം. ആർ.<br>ശ്രീ. വെള്ളനാട് ശ്രീകണ്ഠൻ |
| 3 | 3.13 | 51789 | ശ്രീ. കെ വി സുരേഷ്, സെക്രട്ടറി |
| 4 | 3.15 | 150000 | ശ്രീ. സുജാത. ആർ.,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 5 | 3.16 | 7342 | |
| 6 | 3.17 | 100000 | ശ്രീ. ഹേമലത, അസ്സിസ്റ്റൻറ് സെക്രട്ടറി |
| 7 | 3.18 | 50000 | “ |
| 8 | 3.19 | 150000 | “ |
| 9 | 3.20 | 158121 | “ |
| 10 | 3.21 | 5000 | “ |
| 11 | 3.22 | 3808600 | ശ്രീ. അനീഷ ശശി ബി. എസ്,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ശ്രീകുമാർ ബി എസ്, |

| | | | |
|---|---|---|---|
| | | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 12 | 3.24 | 200000 | ശ്രീമതി അമ്പിളി എൻ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 7654124 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ക്രം നം. | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3.5 | 1556 | ഡോ ജയകമാർ,<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|
| 1 | ശ്രീമതി ഹേമലത, അസ്സിസ്റ്റൻറ് സെക്രട്ടറി | അറപ്പുര വിലകത്തു ശ്രീ നിലയം<br>മൈലക്കര, മൈലക്കര പി ഒ |
| 2 | ശ്രീമതി അനീഷ ശശി ബി എസ്,<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കുളിർമ, മാർത്താണ്ഡേശ്വരം<br>നാരുവാമൂട് പി ഒ |
| 3 | ശ്രീകുമാർ ബി എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | സരസ മന്ദിരം, കുരുത്തംകോട്<br>കാട്ടാക്കട പി ഒ |
| 4 | ഡോ ജയകമാർ,<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ടി സി 17 /1412 -1<br>ചെങ്കല്ലൂർ പി ഒ |
| 5 | ശ്രീ. മോഹനൻ ചെട്ടിയാർ,<br>സെക്രട്ടറി | ശ്രീ സാകേതം, നെട്ടിറച്ചിറ<br>നെടുമങ്ങാട് |
| 6 | ശ്രീ. കെ വി സുരേഷ്,<br>സെക്രട്ടറി | ദിവ്യശ്രീ, പദ്മനാഭ നഗർ<br>നെട്ടയം പി ഒ |
| 7 | ശ്രീ. ചന്ദ്രലേഖ സി എസ്<br>കൃഷി ഓഫീസർ | നിയർ മാരുതി വിദ്യാലയം,<br>പെരുമ്പഴുതൂർ പി ഒ |
| 8 | ശ്രീമതി അമ്പിളി എൻ എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | നവമി, പി എൻ ആർ എ എഫ് 14 ഇ<br>പവർ നഗർ, അമ്പലമുക്ക് ,<br>കവടിയാർ പി ഓ 695003 |

| | | |
|---|---|---|
| 9 | ശ്രീമതി സുജാത. ആർ.,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സുജാത ഭവൻ,<br>കോത്തോതമംഗലം, മുണ്ടേല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.6 സി/560 /02,തീയതി.07/07/14 | 8 | |
| 2001-02 | ന.എൽ.എഫ്.റ്റി.ഡി.ജി.പി5/867/03 തീയതി.07/07/14 | 8 | |
| 2002-03 | ന.എൽ.എഫ്.റ്റി.ഡി.ജി.പി5/1166/04 തീയതി.07/07/14 | 7 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി പി5/1549/05 തീയതി.07/07/14 | 12 | |
| 2004-05 | ന.എൽ.എഫ്.റ്റി.ഡി.ജി.പി5/1643/08 തീയതി.07/07/14 | 10 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി പി5/1644/08 തീയതി.07/07/14 | 13 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/128/10 തീയതി.07/07/14 | 10 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/128/10 തീയതി.07/07/14 | 10 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/2454/11 തീയതി.15/01/13 | 16 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/2455/11 തീയതി.17/11/12 | 15 | |
| 2010-11, 11-12 | നം.എൽ.എഫ്.റ്റി.ഡി ജി പി5/2439/13 തീയതി.30/01/14 | 25 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി5/365/14 തീയതി.06/08/15 | 18 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.5 /1353/15 തീയതി 17/10/15 | 23 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.5 /1341/16 തീയതി 29/7/16 | 15 | |
| 2015-16 | നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.5/ 2012/16 തീയതി 26.11.2016 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

**അനുബന്ധം - 1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വെള്ളനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായത്തിന് വേണ്ടി 480000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ 310000/- രൂപ മാത്രമാണ് വരവും ചെലവും കാണിച്ചിരിക്കുന്നത്

2. ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 4381200/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുക 4306200/- രൂപയാണ്. 75000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3. വിവിധ പദ്ധതികൾ പ്രകാരം കെഎസ്ഇബി ക്ക 3545889/-രൂപയും കേരളം വാട്ടർ അതോറിറ്റിക്ക് 365000/-രൂപയും മുൻകൂർ നൽകിയിട്ടുണ്ട്. ടി പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഈ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. വസ്തു നികുതി, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ അരിയർ ഡിമാൻഡ് (ഡിസിബി പത്രിക പ്രകാരം) 2015-16ലെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്റർ പ്രകാരം തൻ വർഷ ഡിമാൻഡ് 402120/-രൂപയും വരവ് 350768/- രൂപയും ബാലൻസ് 51852/-രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷ ഡിമാൻഡും വരവും 208408/- രൂപയാണ്. വ്യത്യാസം നിലനിൽക്കുന്നു.

5. ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ വരവ് ആകെ ചെലവിനേക്കാൾ കുറവായിട്ടാണ് കാണിച്ചിരിക്കുന്നത് . 817603/- രൂപയുടെ വ്യത്യാസം നില നിൽക്കുന്നു

6. 31.03.2017 ൽ 310275/-രൂപ തനതു ഫണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാലിത് ഏതിനത്തിലെ വരവാണെന്നു വ്യക്തമാക്കിയിട്ടില്ല

7. തനതു ഫണ്ടിൽ (കോ ഓപ്പറേറ്റീവ് ബാങ്ക് ) 2044/- രൂപയുടെയും സാക്ഷരതാ (സിൻഡിക്കേറ്റ് ബാങ്ക്) 1056/- രൂപയുടെയും നീക്കിയിരിപ്പ് കാണുന്നു. എന്നാൽ ഈ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

8 തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് എന്നിവയിൽ 2015 -16 എ എഫ് എസ് പ്രകാരം അരിയർ ഇല്ല. എന്നാൽ തൻ വർഷം ഈയിനത്തിൽ യഥാക്രമം 22700/- രൂപയുടെയും 6800/- രൂപയുടെയും വരവ് കാണിച്ചിരിക്കുന്നു

9 ആസ്തികളുടെ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, ഇ എം ഡി രജിസ്റ്റർ എന്നിവ കാലികമായി സൂക്ഷിച്ചിട്ടില്ല

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്